Draft #1 of File 26585/AC B7-2/2020/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Aug-2020 12:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

എം.എ.കോളേജ്, കോതമംഗലം (സ്വയംഭരണം) - 2020-'21 അധ്യയന വർഷത്തിലേക്കുള്ള നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3865/AC B 7/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 26.08.2020

---

*പരാമർശം:*-1) 11/06/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം
2) 09/07/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം
3) 13/08/2020-ലെ എം.എ.കോളേജ് പ്രിൻസിപ്പലിന്റെ AC1/482/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് 2020-'21 അധ്യയന വർഷത്തെ നാമമാത്ര സീറ്റ് വർദ്ധനവിന് പരാമർശം-1 വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണ കോളേജായ കോതമംഗലം എം.എ.കോളേജ്, ടി കോളേജിലെ 12 ബിരുദ പ്രോഗ്രാമുകളിൽ 2020-'21 അധ്യയന വർഷത്തെ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പിന്നീട് പരാമർശം-2 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നാമമാത്ര സീറ്റ് വർദ്ധനവിന് അപേക്ഷ സമർപ്പിക്കാത്ത 3 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സീറ്റ് വർദ്ധനവിന് കൂടി യഥാക്രമം ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ടി കോളേജിന് നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചു നൽകുന്നതിനായി സർവ്വകലാശാലയിൽ യാതൊരുവിധ കുടിശ്ശികയും കോളേജിന് ഇല്ലെന്നു ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി DCB STATEMENT സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഹാജരാക്കുവാൻ കോളേജിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോളേജിന് സർവ്വകലാശാലയിൽ കുടിശിക ഒന്നും തന്നെ നിലവിൽ ഇല്ല എന്നും, സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ DCB STATEMENT സമർപ്പിക്കുന്നതിന് ഒരു മാസം സമയം അനുവദിച്ച് നൽകണമെന്നും പ്രിൻസിപ്പൽ പരാമർശം-3 കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർവ്വകലാശാല അഫിലിയേഷൻ / അപ്പ്രൂവൽ നൽകിയിട്ടുള്ള കോഴ്സുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും എന്ന നിബന്ധനയോടെ നിലവിലുള്ള സീറ്റുകളുടെ 25% വരെയാണ് നാമമാത്ര സീറ്റ് വർദ്ധന അനുവദിക്കുന്നത്. അപ്രകാരം കോതമംഗലം എം.എ. കോളേജിന് സർവ്വകലാശാല അഫിലിയേഷൻ/അപ്പ്രൂവൽ നൽകിയിട്ടുള്ള കോഴ്സുകൾക്ക് താഴെ പറയുന്ന നിരക്കിൽ നാമമാത്ര സീറ്റ് വർദ്ധനവിന് അർഹതയുണ്ട്.

| Sl No. | Programme Name | Course Type | Sanctioned Strength | Marginal Increase | Total Strength (2020-'21) |
|---|---|---|---|---|---|
| 1 | BA Economics Model I | Aided | 40 | 08 | 48 |
| 2 | BA English Language & Literature Model I | Aided | 40 | 08 | 48 |
| 3 | BA Hindi Language & Literature Model I | Aided | 30 | 6 | 36 |
| 4 | BA History Model I | Aided | 40 | 08 | 48 |
| 5 | BA Sociology Model I | Aided | 40 | 08 | 48 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | | |
|---|---|---|---|---|---|
| 6 | B.Com. Taxation Model III | SF | 40 | 08 | 48 |
| 7 | B.Sc. Botany Model I | Aided | 32 | 06 | 38 |
| 8 | B.Sc. Chemistry Model I | Aided | 32 | 06 | 38 |
| 9 | B.Sc. Mathematics Model I | Aided | 32 | 06 | 38 |
| 10 | B.Sc. Physics Model I | Aided | 32 | 06 | 38 |
| 11 | B.Sc. Statistics Model I | Aided | 32 | 06 | 38 |
| 12 | B.Sc. Zoology | Aided | 36 | 07 | 43 |
| 13 | M.Sc.Actuarial Science | SF | 15 | 10 | 25 |
| 14 | M.Sc Statistics | SF | 18 | 07 | 25 |
| 15 | M.Com International Business | SF | 20 | 5 | 25 |

സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ ഉള്ള DCB STATEMENT ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ് എന്നവ്യവസ്ഥയോടെ മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ 2020-'21 അധ്യയന വർഷത്തിലേക്ക് കോതമംഗലം എം.എ. കോളേജിൽ നടത്തുന്ന 15 പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ച് കൊണ്ട് ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, എം.എ.കോളേജ്, കോതമംഗലം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
9. പി.ആർ.ഒ/ കണ്ടന്റ് മാനേജ്മെൻറ് സെൽ/ ഐ.ക്യു.എ.സി.
10. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39 സെക്ഷൻ
11. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #1 of File 26585/AC B7-2/2020/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Aug-2020 12:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം